**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 895/ 2019/ ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 27/ 04/ 2019**

---

പരാമർശം : 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.11.2018 ലെ ഒ.എ 2154/ 2018 നം. ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 07.02.2019 ലെ ഇ.14- 961/ 19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ. ഹാസിം. എച്ച്, ശ്രീ. ജിബു. റ്റി.ആർ, ശ്രീ. ദിലീപി. ജി എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2154/ 2018 ൽ ബഹു. ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനക്സർ എ 63 മുതൽ എ 74 വരെയുള്ള നിവേദനങ്ങളിൻമേൽ 1 മുതൽ 9, 11,12 എതിർകക്ഷികൾ നിയമാനുസരണം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിച്ചു. പത്തനംതിട്ട ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് അപേക്ഷകർ. തദ്ദേശസ്വയംഭരണ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ 4 എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ഒന്നാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ അപേക്ഷകർ സമർപ്പിച്ച 15.09.2018 ലെ നിവേദനമാണ് അനക്സർ എ 63.

പത്തനംതിട്ട ജില്ലയിൽ ആകെ 53 ഗ്രാമപഞ്ചായത്തുകളുള്ളതായും ആകെ 21 റഗുലർ ഡ്രൈവർ തസ്തികകൾ നിലവിലുണ്ടെന്നും(ഗ്രാമപഞ്ചായത്തുകൾ-16, ജില്ലാ പഞ്ചായത്ത്-3, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്-1, പന്തളം മുൻസിപ്പാലിറ്റി-1) അവയിൽ 3 ഒഴിവുകൾ നിലവിലുള്ളതായും ഇതിൽ 2 ഒഴിവുകൾ എൻ.സി.എ ഒഴിവുകളാണെന്നും അത് പി.എസ്.സി യിൽ പെൻഡിംഗാണെന്നും ഒരൊഴിവ് എസ്.സി/എസ്.റ്റി പ്രത്യേക നിയമനത്തിനായി പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ലെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഡ്രൈവർ തസ്തികകയിലെ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം

കഴിയുകയില്ലെന്ന് തീരുമാനിച്ച് മറ്റ് ജില്ലകളിലെ സമാന കേസുകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ 4 എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 63 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഹാസിം. എച്ച്, കല്ലിത്ത് പുത്തൻ വീട്, ആറുകാലിക്കൽ വെസ്റ്റ്, അടൂർ.പി.ഒ, പത്തനംതിട്ട - 691523
ശ്രീ. ജിബു. റ്റി.ആർ, സുജ ഭവൻ, ഇലവുംതിട്ട. പി.ഒ, പത്തനംതിട്ട - 689625
ശ്രീ. ദിലീപി. ജി, തോപ്പിന്റെ തെക്കതിൽ, കുടശ്ശനാട്. പി.ഒ, പത്തനംതിട്ട - 689512
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ. ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/238/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ